# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 8076 | 24.07.2012-ൽ മറുപടിയ്ക്ക്

## വന മേഖലാ ജാഗ്രതാ സമിതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
| എ) | വനമേഖലാ ജാഗ്രതാ സമിതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | എ) | കേരളത്തിലെ വനമേഖലകൾ ഭീകരപ്രവർത്തനങ്ങൾക്കും മറ്റ് ദേശീയ വിരുദ്ധപ്രവർത്തനങ്ങൾക്കും താവളമാകാൻ സാധ്യതയുണ്ട് എന്ന പോലീസ് ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വനാന്തരങ്ങളിൽ ഉണ്ടായേക്കാവുന്ന ഇത്തരം പ്രവർത്തനങ്ങൾ ചെറുക്കുന്നതിന് വനവാസികളായ ആദിവാസികളെ ഉൾപ്പെടുത്തിക്കൊണ്ട് രഹസ്യവിവരങ്ങൾ ശേഖരിക്കുന്നതിനും പരിശോധിച്ച് നടപടികൾ എടുക്കുന്നതിനും തദ്വാരാ വനവാസികളെ ശാക്തീകരിക്കുന്നതിനും വനത്തിനുള്ളിൽ നടക്കുന്ന നിയമവിരുദ്ധമായ നടപടികൾ നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് വനജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| ബി) | ഇവയുടെ രൂപീകരണം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശരേഖ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 69/12/വനം, തീയതി 21.06.12 പ്രകാരം മാർഗ്ഗനിർദ്ദേശരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടു ണ്ട്.<br>പ്രസ്തുത മാർഗ്ഗ നിർദ്ദേശരേഖയിൽ വനമേഖലാ ജാഗ്രതാ സമിതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ |

സെക്ഷൻതല, റെയിഞ്ച് തല, ജില്ലാതല വനമേഖലാ ജാഗ്രതാ സമിതികളുടെ രൂപീകരണം, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| സി) എവിടെയെല്ലാമാണ് ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | സി) സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 69/12/വനം, തീയതി 21.06.12 മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള സമിതികൾ (സ്റ്റേഷൻ, റെയിഞ്ച്, ജില്ല തലത്തിൽ) രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) പ്രസ്തുത സമിതികളുടെ അദ്ധ്യക്ഷനായി നിയമിക്കുന്നത് ആരാണ്? | ഡി) ടി ഉത്തരവ് പ്രകാരം രൂപീകരിക്കുന്ന സ്റ്റേഷൻ/സെക്ഷൻതല വനമേഖലാ ജാഗ്രതാ സമിതിയുടെ ചെയർപേഴ്സൺ ഫോറസ്റ്റ് റെയിഞ്ചോഫീസറും റെയിഞ്ച്തല സമിതിയുടെ ചെയർപേഴ്സൺ റവന്യൂ ഡിവിഷണൽ ഓഫീസറും ജില്ലാതല സമിതിയുടെ ചെയർപേഴ്സൺ ജില്ലാ കളക്ടറും ആയിരിക്കും. |

സെക്ഷൻ ഓഫീസർ